## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2 | 03.02.2020- ൽ മറുപടിക്ക് |
|---|---|

## കേരള പുനർനിർമ്മാണ വികസന പരിപാടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.രാജു എബ്രഹാം<br>,, കെ.ഡി. പ്രസേനൻ<br>,, ബി.ഡി. ദേവസ്സി<br>,, സി. കെ. ശശീന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ദുരന്തങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടും പരിസ്ഥിതി സൗഹൃദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും കേരള പുനർനിർമ്മാണ വികസന പരിപാടി കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിന് സർക്കാർ ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായ തരത്തിൽ പുനർനിർമാണം നടത്തുന്നതിനുള്ള പദ്ധതികൾ സംസ്ഥാന തലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവി (ആർ.കെ.ഐ)ന് രൂപം നൽകി. ആർ.കെ.ഐയുടെ നേതൃത്വത്തിൽ തയാറാക്കിയ കേരള പുനർനിർമാണത്തിന്റെ അടിസ്ഥാന രേഖയായ കേരള പുനർനിർമാണ വികസനപരിപാടി (RKDP) സർക്കാർ അംഗീകരിച്ചു. വികസന നയവായ്പയുടെ ആദ്യ ഗഡുവായി ലോകബാങ്കിൽനിന്ന് 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ കെ.എഫ്.ഡബ്ള്യുവിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>കേരള പുനർനിർമാണ പരിപാടി കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനായി ഇതുസംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങളുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും സമാഹരിക്കുന്നതിനായി **നമ്മൾ നമുക്കായി** എന്ന പരിപാടി നടപ്പിലാക്കിവരുന്നു.<br>കേരള പുനർനിർമാണ പരിപാടിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ തയാറാക്കുന്ന പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്- ഇംപ്ളിമെന്റേഷൻ കമ്മിറ്റി, |

| | | | |
|---|---|---|---|
| | | | ഉന്നതാധികാരസമിതി എന്നിവ പരിഗണിച്ച് അംഗീകാരം നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ 1865 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകി. |
| (ബി) | അതിജീവന ശേഷിയുള്ള പുനഃനിർമ്മാണ പ്രക്രിയയിൽ ജനങ്ങളുടെ അറിവും അനുഭവവും ആശയങ്ങളും പങ്കുവയ്ക്കുന്നതിന് ജനകീയ കാമ്പയിൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (ബി) | നിലവിലുള്ള വികസനസമീപനങ്ങളെയും സംവിധാനങ്ങളെയും വിമർശനാത്മകമായി പരിശോധിച്ച്, തിരുത്തലുകൾ ആവശ്യമായ മേഖലകൾ കണ്ടെത്തുന്നതിനായി ജനങ്ങളുടെ അറിവും അനുഭവവും ആശയങ്ങളും പങ്കുവയ്ക്കുന്ന ജനകീയ ക്യാമ്പയിൻ ആണ് **'നമ്മൾ നമുക്കായി'**. റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന, ജനകീയാസൂത്രണ മാതൃകയിലുള്ള ഈ ക്യാമ്പയിന് രണ്ട് ഘടകങ്ങളാണ് ഉണ്ടാകുക.<br>1. ആർ.കെ.ഐ-യുടെ കീഴിൽ, അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേക്കാവശ്യമായ നയസമീപനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള ജനപങ്കാളിത്തത്തോടെയുള്ള വിപുലമായ ക്യാമ്പയിൻ.<br>2.എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും പ്രാദേശികവും സമൂഹാധിഷ്ഠിതവുമായ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ. എല്ലാ പഞ്ചായത്തുകളിലും അടിയന്തരമായി പഞ്ചായത്ത്തല ദുരന്ത പരിപാലന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കും.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവയുടെ നേതൃത്വത്തിലായിരിക്കും നടപ്പാക്കുക.<br>ക്യാമ്പയിന്റെ ഭാഗമായി ആശയരൂപീകരണത്തിനായി താഴെ പറയുന്ന മേഖലകളെ ആസ്പദമാക്കിയുള്ള ചർച്ചകളായിരിക്കും പ്രധാനമായും സംഘടിപ്പിക്കുക.<br>(i) ഭൂവിനിയോഗം<br>(ii) ജലപരിപാലനം<br>(iii) വനപരിപാലനം<br>(iv) പ്രാദേശിക സമൂഹവും അതിജീവനവും<br>(v) ഗതാഗതം, വാർത്താവിനിമയം, സാങ്കേതികവിദ്യ<br>പ്രത്യേക ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞ് ആവശ്യമെങ്കിൽ പ്രത്യേക നിയമസഭാ സമ്മേളനത്തിൽ പര്യവസാനിക്കുന്ന വിധത്തിൽ വിവിധ തലങ്ങളിലായാണ് ക്യാമ്പയിൻ സംഘടിപ്പിക്കുക. |

| | |
|---|---|
| (സി) പുനർനിർമ്മാണ പ്രവർത്തനത്തിനായുള്ള ഫണ്ടിന്റെ സ്രോതസ്സുകൾ അറിയിക്കാമോ; കേന്ദ്ര സർക്കാരിൽ നിന്ന് പുനർനിർമ്മാണ പ്രവർത്തനത്തിന് എന്തെല്ലാം സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>• സംസ്ഥാന ബജറ്റ്- ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ<br>• കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ<br>• കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം<br>• ക്രൗഡ് ഫണ്ടിംഗ്<br>• മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം<br>• NIDA വഴി നബാർഡ് ഫണ്ടിംഗ്<br>• ഹഡ്കോയും മറ്റു വായ്പകളും.<br>കൂടാതെ, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക്, സേവനങ്ങൾക്കു മേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ കേന്ദ്രഅനുമതി ലഭിച്ചിട്ടുണ്ട്.<br>2019 ലെ പ്രളയാനന്തര പുനർനിർമാണത്തിന് കേന്ദ്രം സഹായം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ